"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - വയനാട് ജില്ലയിലെ മേപ്പാടി ഗ്രാമപഞ്ചായത്തിലെ വെത്തിരി താലൂക്കിൽ 30/07/2024 -ന് ഉണ്ടായ ഉരുൾപ്പൊട്ടലിൽ ദുരന്ത ബാധിതരായവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചിലവായ തുക സഹിതം **7,65,00,000/-** രൂപ അനുവദിച്ച് ഉത്തരവ് - പുറപ്പെടുവിക്കുന്നു

---

**റവന്യൂ (ഡി.ആർ.എഫ്.-സി) വകുപ്പ്**

സ.ഉ.(സാധാ) നം.2568/2024/RD തീയതി,തിരുവനന്തപുരം, 26-10-2024

---

പരാമർശം:-
1. സ.ഉ.(കൈ) നം.7/2024/ഡിഎംഡി, തീയതി, 14/08/2024
2 സ.ഉ.(സാധാ) നം.589/2024/ഡിഎംഡി, തീയതി, 09/08/2024
3 സ.ഉ. (സാധാ) നം.597/2024/ഡിഎംഡി, തീയതി, 13.08.2024
4. വയനാട് ജില്ലാ കളക്ടറുടെ 22/10/2024 തീയതിയിലെ DCWYD/5469/2024-M4 നമ്പർ കത്ത്

**ഉത്തരവ്**

വയനാട് ജില്ലയിലെ മേപ്പാടി ഗ്രാമപഞ്ചായത്തിലെ വെത്തിരി താലൂക്കിൽ ഉണ്ടായ ഉരുൾപ്പൊട്ടലിൽ ദുരന്ത ബാധിതരായവർക്ക് പരാമർശം (1,2,3) പ്രകാരം ദുരന്തബാധിതർക്കുള്ള ധനസഹായം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവായിരുന്നു. പ്രസ്തുത ആവശ്യത്തിലേയ്ക്കായി ജില്ലാകളക്ടറുടെ TSB 718011400000046 അക്കൗണ്ടിൽ നിലവിലുണ്ടായിരുന്ന തുകയിൽ നിന്നും 4,65,00,000/- രൂപ ചിലവഴിച്ചതായും പ്രസ്തുത നടപടി സാധൂകരിച്ച് തുക അനുവദിക്കണമെന്നും ഈ ഇനത്തിൽ 3,00,00,000/- രൂപ കൂടി ചിലവ് ആവശ്യമായി വരുമെന്നും ആയതിനാൽ, 4,65,00,000/- രൂപയും, അധികമായി വേണ്ടി വരുന്ന 3,00,00,000/- രൂപയും ഉൾപ്പെടെ 7,65,00,000/- രൂപ ജില്ലാകളക്ടറുടെ TSB. 718011400000046 അക്കൗണ്ടിലേയ്ക്ക് അനുവദിച്ച് തരുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണമെന്നും പരാമർശം (4) പ്രകാരം വയനാട് ജില്ലാകളക്ടർ ആവശ്യപ്പെട്ടിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ സാഹചര്യത്തിൽ വയനാട് ദുരന്തവുമായി ബന്ധപ്പെട്ട ആവശ്യത്തിലേയ്ക്കായി 4,65,00,000/- രൂപ ചിലവഴിച്ച നടപടി സാധൂകരിച്ച് ഉത്തരവാകുന്നു. പ്രസ്തുത തുകയും (4,65,00,000/- രൂപ), അധികമായി വേണ്ടി വരുന്ന 3,00,00,000/- രൂപയും ഉൾപ്പെടെ **7,65,00,000/-** രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വയനാട് ജില്ലാകളക്ടർക്ക് അനുവദിച്ച് ഉത്തരവാകുന്നു

3) വിതരണത്തിനാവശ്യമായി വരുന്ന **7,65,00,000/-(ഏഴ് കോടി അറുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) രൂപ** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള TP 80 അക്കൗണ്ടിൽ നിന്നും വയനാട് ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ നടപടി സികരിക്കേണ്ടതും സ്വീകരിച്ച നടപടി

സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYASHREE T K
സ്പെഷ്യൽ സെക്രട്ടറി

ജില്ലാ കളക്ടർ, വയനാട്
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാജി)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
ജില്ലാ ട്രഷറി ഓഫീസർ, വയനാട് (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്, എ&ഇ), കേരള തിരവനന്തപുരം)
ദുരന്ത നിവാരണ വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് മീഡിയ) വകുപ്പ്
കരുതൽ ഫയൽ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Apsara T T
Date: 26-10-2024 15:41:17
സെക്ഷൻ ഓഫീസർ

പകർപ്പ്:-ബഹു, മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്
റവന്യൂ (ഡി.ആർ.എഫ്.എ/ഡി.ആർ.എഫ്.-ബി)വകുപ്പുകൾക്ക്